## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2384 — 08.07.2015 -ലെ മറുപടിക്ക്.

## ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാഡമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി.എസ്.ജയലാൽ :** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂരിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിലേക്കായി എത്ര ഏക്കർ ഭൂമിയാണ് വിലയ്ക്ക് വാങ്ങിയതെന്നും എത്ര രൂപയ്ക്കാണെന്നും അറിയിക്കുമോ ; | (എ) 10 ഏക്കർ ഭൂമി 14,94,88,000/-(പതിനാല് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എൺപത്തി എണ്ണായിരം രൂപ) രൂപയ്ക്ക് വിലയ്ക്ക് വാങ്ങി. |
| (ബി) കഴിഞ്ഞ സർക്കാർ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിലേക്കായി എന്തൊക്കെ പ്രാഥമിക നടപടികളാണ് ആരംഭിച്ചിരുന്നത് ; | (ബി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ ഹൈദരാബാദിൽ നിലവിലുള്ള കൺസ്ട്രക്ഷൻ അക്കാദമിയുടെ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് 11.08.2009-ൽ സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് വ്യവസായ വകുപ്പിന്റെ 05.04.2010-ലെ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി 23.02.2011-ൽ വിലയ്ക്ക് വാങ്ങുകയുണ്ടായി. ഇപ്രകാരമുള്ള കൺസ്ട്രക്ഷൻ അക്കാദമിക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള എന്ന സ്ഥാപനവുമായുള്ള ചർച്ചയിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം 31.12.09-ൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചു. കൂടാതെ 16.02.2011-ലെ സർക്കാർ |

ഉത്തരവ് പ്രകാരം ബോർഡിന് കീഴിൽ രൂപീകരിക്കുന്ന കൺസ്ട്രക്ഷൻ അക്കാഡമി യുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സർക്കാർ അംഗീകരിക്കുകയും, ടി അക്കാദമി 1955–ലെ സാഹിത്യശാസ്ത്ര ധർമ്മസ്ഥാപന സംഘം രജിസ്ട്രേഷൻ നിയമത്തിലെ വ്യവസ്ഥയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. കൺസ്ട്രക്ഷൻ അക്കാദമിക്കു വേണ്ടി വിലയ്ക്കു വാങ്ങിയ സ്ഥലത്ത് 01.03.2011–ൽ അന്നത്തെ ബഹു. എക്സൈസ് തൊഴിൽ വകുപ്പ് മന്ത്രി തറക്കല്ലിടുകയുായി. കൂടാതെ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രഥമ എക്സിക്യൂട്ടീവ് യോഗം 28.03.2011– ലും ആദ്യ ഗവേണിംഗ് ബോഡി യോഗം 09/05/2011 ലും ചേരുകയുണ്ടായി.

(സി)ഈ സർക്കാർ അധികാരത്തിൽ വന്ന് 4 വർഷം പിന്നിട്ടപ്പോൾ പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുന്നതിലേക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വിശദ മാക്കുമോ ;

(സി)കേരള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ബോർഡിന്റെ 23/05/2011 ലെ 134–ാംമത് ബോർഡ് യോഗം 75/2011 നമ്പർ തീരുമാന പ്രകാരം അക്കാദമിക്കുവേ ണ്ടി വിലയ്ക്കു വാങ്ങിയ 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവെ, ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും ആയതി നാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു നൽകാമെന്നും മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് നൽകേ ണ്ട ഭൂമിയും ഏറ്റെടുക്കേണ്ട ഭൂമിയും 21/07/2012 ൽ അളന്ന് തിട്ടപ്പെടുത്തുകയു ണ്ടായി. ഇപ്രകാരം മില്ലിന് നൽകുന്ന 6.48 ആർ.(16 സെന്റ്) സ്ഥലത്തിനു പകരം ദേശീയ പാതയോടു ചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടു ക്കുന്നതിന് 20/12/2012 ൽ ധാരണാ പത്രം ഒപ്പിട്ടു. ഇപ്രകാരം കൈമാറ്റം ചെയ്യുന്ന 16 സെന്റ് വസ്തു അളന്ന് തിരിച്ച് സർവ്വെകല്ല് സ്ഥാപിക്കുകയും പരസ്പര മാറ്റാധാരം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവിലേയ്ക്കാ യും ടി വസ്തുവിന് പി.ഡബ്ല്യൂ.ഡി മുഖേന

ഡെപ്പോസിറ്റ് വർക്കായി ചുറ്റുമതിൽ കെട്ടുന്നതിനം നടപടി തുടർന്നുവരിക യുമാണ്.

തൊഴിലാളികളുടെയും ആശ്രിതരുടെയും തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനായി പുതിയ ഐ.ടി.ഐകളും നിലവിലുള്ളവയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സെസ്സ് വരുമാനത്തിന്റെ നീക്കിയിരുപ്പിൽ നിന്നും 20% തുക ചെലവഴിക്കണമെന്നുള്ള കേന്ദ്ര സർക്കാർ നിർദ്ദേശ ത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന . കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തിനേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ദ്ധ പ രിശീലനവും നൽകത്തക്ക വിധത്തിലുള്ള അന്താരാഷ്ട്ര നിലവാരമുള്ള തൊഴിൽ വൈദഗ്ദ്ധ്യ കേന്ദ്രങ്ങളാണ് ഇപ്പോൾ ആവശ്യമെന്നുള്ളതിനാൽ മേൽപ്പറഞ്ഞ കേന്ദ്ര സർക്കാർ നിർദ്ദേശം പ രിഗണിക്കാവുന്നതാണെന്നും ഇതിലേയ്ക്ക് ബോർഡിന്റെ ഉ ട മസ്ഥതയിൽ ചാത്തന്നൂരിലുള്ള 10 ഏക്കർ ഭൂമി വിനിയോഗിക്കുന്നത് ഉചിതമായിരിക്കും എന്ന ആശയം പരിഗ ണിച്ച് ടി സ്ഥലത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ദ്ധ്യ പ രിശീലന കേന്ദ്രം ആരംഭിക്കുന്നതിന് സാധ്യത പരിശോധിച്ചു വരികയാണ്.

| | |
|---|---|
| (ഡി) കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിൽ നിന്നും ഈ സർക്കാർ പിന്മാറിയോ ; ഇല്ലായെങ്കിൽ എന്നത്തേക്ക് ഈ സ്ഥാപനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ? | (ഡി)കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് ചാത്തന്നൂരിൽ വിലയ്ക്കുവാങ്ങിയ 10 ഏക്കർ സ്ഥലത്ത് ബോർഡിന്റെ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ദ്ധ പരിശീലനവും നൽകത്തക്കവിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ദ്ധ്യകേന്ദ്രം ആരംഭിക്കുന്ന വിഷയം പ രിഗണനയിലാണ്. |

Deepa

സെക്ഷൻ ഓഫീസർ